ഹീനമനുജനനംഎടുത്ത

യേശുരാജൻ നിൻ സമീപെ നിൽപ്പൂ

ഏറ്റുകൊള്ളവനെ തള്ളാതെ –2

ഹീനമനുജനനം എടുത്ത

കൈകളിൽ കാൽകളിൽ ആണികൾ തറച്ചു

മുൾമുടി ചൂടിനാൻ പൊൻശിരസ്സതിൻമേൽ

നിന്ദയും ദുഷിയും പീഡയും സഹിച്ചു

ദിവ്യമാം രുധിരം ചൊരിഞ്ഞു നിനക്കായ്

കരുണയായ് നിന്നെ വിളിച്ചിടുന്നു –2

ഹീന...

തല ചായിക്കുവാൻ സ്ഥലവും ഇല്ലാതെ

ദാഹം തീർക്കുവാൻ ജലവും ഇല്ലാതെ

ആശ്വാസം പറവാൻ ആരും തനിക്കില്ലാതെ

അരുമ രക്ഷകൻ ഏകനായ് മരിച്ചു

ആ പാടുകൾ നിൻ രക്ഷയ്ക്കേ –2

ഹീന...

അവൻ മരണത്താൽ സാത്താൻറെ തലതകർത്തു

തൻറെ രക്തത്താൽ പാപക്കറകൾ നീക്കി

നിൻറെവ്യാധിയും വേദനയും നീക്കുവാൻ

നിൻറെ ശാപത്തിൽ നിന്നും വിടുതൽ നൽകാൻ

കുരിശിൽ ജയിച്ചെല്ലാറ്റെയും –2

ഹീന...

മായാ ലോകത്തെ തെല്ലുമേ നമ്പാതെ

മാനവമാനസം ആകെയും മാറുമെ

മാറാത്ത ദേവനെ സ്നേഹിച്ചീടുന്നെങ്കിൽ

നിത്യമാം സന്തോഷം പ്രാപിച്ചാനന്ദിയ്ക്കാം

ആശയോടു നീ വന്നീടുക –2

ഹീന...

ഇനിയും താമസമാകുമോ മകനേ?

അൻപിനേശുവിങ്കൽ കടന്നുവരുവാൻ

ഈ ഉലകം തരാതുള്ള സമാധാനത്തെ

ഇന്നു നിനക്കു തരുവാനായ് കാത്തിടുന്നു

അൻപിലേശുവിളിച്ചിടുന്നു –2

Heena manujananam eduttha

yeshu raajan̽ nin̽ sameepe nil̽ppoo

etukollavane thallaathe –2

heena manujananam eduttha...

kaikalil̽ kaal̽kalil̽ aanikal̽ tharacchu

mul̽mudi choodinaan̽ pon ̽shirassathin̽mel̽ –2

ninnayum dushiyum peedayum sahicchu

divyamaam rudhiram chorinju ninakkaay

karunayaay ninne vilicchidunnu –2

heena...

thala chaayikkuvaan̽ sthalavum illaathe

daaham theer̽kkuvaan̽ jalavum illaathe –2

aashwaasam paravaan̽ aarum thanikkillaathe

aruma rakshakan̽ ekanaay maricchu

aa paadukal̽ nin̽ rakshaykke –2

heena...

avan̽ maranatthaal̽ saatthaante thala thakar̽tthu

thante rakthatthaal̽ paapakkarakal̽ neekki –2

ninte vyaadhiyum vedanayum neekkuvaan

ninte shaapatthil ninnum viduthal nalkaan

kurishil jayicchellaateyum  -2

heena...

maayaa lokatthe thellume nampaathe

maanava maanasam aakeyum maarume  -2

maaraattha devane snehiccheedunnenkil

nithyamaam santhosham praapicch aanandiykkaam

aashayodu nee vanneeduka   -2

heena...

iniyum thaamasam aakumo makane?

anpin yeshuvinkal kadannu varuvaan  -2

ee ulakam tharaathulla samaadhaanatthe

innu ninakku tharuvaanaay kaatthidunnu

anpil yeshu vilicchidunnu  -2

heena...

yeshu...heena..